LIBRARY ARCHIVES Kerala Legislative Assembly

അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട്

191 (2746) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസറ്റ് ഡവലപ്പ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിൽ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് അത് ലഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവുണ്ടോ ; എങ്കിൽ ഈ ഉത്തരവിന്റെ നമ്പരും തീയതിയും എത്ര രൂപയുള്ള ഭരണാനുമതിയുമാണ് ലഭിച്ചതെന്നും അറിയിക്കുമോ ;

(സി) ഭരണാനുമതി ലഭ്യമായാൽ സാധാരണ നിലയിൽ എത്ര നാളുകൾക്കകം പണി ആരംഭിക്കാനാണ് സാദ്ധ്യതയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ പണി ആരംഭിക്കാതിരിക്കുന്നതിന് അസാധാരണമായ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ഇ) ഈ വിഷയത്തിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ നാൾവഴി വിശദമാക്കാമോ ;

(എഫ്) വാമനപുരം കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 25-6-2014 -ന് വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പറുടെ ചേംബറിൽ മീറ്റിംഗ് നടത്തിയിട്ടുണ്ടോ ; ഈ മീറ്റിംഗിൽ ആരെല്ലാം പങ്കെടുത്തു; എന്തെല്ലാം തീരുമാനങ്ങളാണ് ഈ മീറ്റിംഗിൽ എടുത്തത് ; പ്രസ്തുത മീറ്റിംഗിന്റെ പൂർണ്ണമായ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ജി) പ്രസ്തുത മീറ്റിംഗിൽ കൈക്കൊണ്ട തീരുമാനങ്ങളും ഉറപ്പുകളും പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ആരാണ് ഉത്തരവാദികളെന്നും വിശദമാക്കുമോ ; ഈ പദ്ധതിയുടെ ഫയലുകളിൽ അനാവശ്യവും അകാരണവുമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ; ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കാനായുള്ള നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്നും 12-7-2013, 5-10-2013 തീയതികളിൽ സർക്കാരിൽ ലഭിച്ചിരുന്നു.

(ബി) ഉണ്ട്. 17-12-2013-ലെ സ.ഉ.(സാധാ) നമ്പർ 1336/2013/ ജവിവ. നമ്പർ ഉത്തരവ് പ്രകാരം 173.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭ്യമായാൽ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതിയും ടെണ്ടർ അനുമതിയും നൽകിയശേഷം കരാറുകാരന് വർക്ക് ഓർഡർ നൽകി. 14 ദിവസത്തിനകം എഗ്രിമെന്റ് വച്ച് പണി ആരംഭിക്കാൻ കഴിയുന്നതാണ്.

(ഡി) ഇല്ല.

(ഇ) 12-9-2012-ൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 85 ലക്ഷം രൂപയുടെ നല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതിക്ക് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുവാനായി കത്ത് ലഭിച്ചു 1-10-2012-ൽ ഇതനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാൻ ചീഫ് എഞ്ചിനീയർ ദക്ഷിണ മേഖലയ്ക്ക് നിർദ്ദേശം നൽകി. 24-5-2013-ൽ 173.15 ലക്ഷം രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഘട്ടം1-ഉം 2-ഉം) ചീഫ് എഞ്ചിനീയർ, ദക്ഷിണ മേഖല മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ചു 3-9-2013-ൽ വാമനപുരം, നല്ലനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടമായി 86 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കാനായി 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് നൽകി. 12-7.2013, 5-10-2013 എന്നീ രണ്ട് തീയതികളിലായി രണ്ട് നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയിൽനിന്നും ഭരണാനുമതി സർക്കാരിൽ ലഭിച്ചു സർക്കാർ 17-12-2013-ൽ ഭരണാനുമതി നൽകി.

ജല അതോറിറ്റി ഭരണാനുമതി നൽകിയത് 27-5-2014-നാണ്, എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചത് 26-6-2014, എസ്റ്റിമേറ്റ് അനുമതി നൽകിയത് 15-7-2014, ദർഘാസ് വിളിച്ച തീയതി 4-7-2014, ദർഘാസ് തുറന്ന തീയതി 30-7-2014, പ്രൈസ് ബിഡ് തുറന്ന തീയതി 7-8-2014, ദർഘാസ് റദ്ദ് ചെയ്യുവാൻ 11-11-2014-ൽ ഉത്തരവായി, റീടെണ്ടർ നോട്ടീസ് നൽകിയ തീയതി 25-11-2014, റീടെണ്ടർ തുറക്കുന്ന തീയതി 30-12-2014.

(എഫ്) മീറ്റിംഗ് നടത്തിയിട്ടുണ്ട്. മീറ്റിംഗിൽ പങ്കെടുത്തവരുടെ പട്ടികയും മിനിട്സിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ജി) പാലിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർക്കുമായി ബന്ധപ്പെട്ട് 25-6-2014-ലെ മീറ്റിംഗിൽ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനമെടുത്തെങ്കിലും ടി പ്രവൃത്തിയുടെ ആദ്യത്തെ ടെണ്ടർ ക്ഷണിച്ചതിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തു.

25-9-2014-ലെ ബോർഡ് മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് 11-11-2014-ൽ പ്രസ്തുത വർക്കിന് ലഭിച്ച ടെണ്ടർ ക്യാൻസൽ ചെയ്ത് റീടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചത്. അകാരണമായ കാലതാമസം ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായിട്ടില്ല.

പഞ്ചായത്തിൽ ഒരു കുളം പദ്ധതി

192 (2747) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പഞ്ചായത്തിലും ഓരോ കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം എത്ര കുളങ്ങൾ സംരക്ഷിച്ചിട്ടുണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) എന്ത് തുക ഇതിനായി വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതി പ്രകാരം 354 കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൂർത്തിയായ കുളങ്ങളുടെ എണ്ണം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ 119 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly